

## അവതാരിക

ദീർഘനാളത്തെ കാത്തിരിപ്പിന് ശേഷം നമ്മുടെ കുടുംബാഗങ്ങളുടെ സമ്പൂർണ്ണ വിവ രങ്ങളും, ഏകദേശം നാല് തലമുറ മുൻപുള്ള വരെക്കുറിച്ചുള്ള സാമാന്യ വിവരവും, ഓരോ താവഴി തിരിച്ചും പൊതുവിൽ ഒന്നിച്ചും ഉള്ള വംശ വൃക്ഷ (ഫാമിലി ട്രീ) വും, സത്യസന്ധമായ കുടുംബചരിത്രവും അടങ്ങിയ ഗ്രന്ഥം തയ്യാ റായിരിക്കുന്നു. ഈ ഗ്രന്ഥം തയ്യാറാക്കുവാൻ ഏറ്റവുമധികം താമസം നേരിട്ടത് വംശ വൃക്ഷം തയ്യാറാക്കുവാനും അതിനാവശ്യമായ വിവര ങ്ങൾ ശേഖരിക്കുവാനുമാണ്. വളരെയേറെ ക്ലേശങ്ങൾ സഹിച്ച് ആ കൃത്യം കുറ്റമറ്റ രീതി യിൽ തയ്യാറാക്കിയ ശ്രീ. പി. കെ മോഹനനെ എത്ര അഭിനന്ദിച്ചാലും അധികമാകില്ല.

വ്യത്യസ്ത മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച, കേരളം മുഴുവൻ അറിയ പ്പെടുന്ന പല വ്യക്തികളും നമ്മുടെ തറവാട്ടിലു ണ്ടെന്ന് ഈ ഗ്രന്ഥത്തിന്റെ താളുകൾ മറിച്ച് നോക്കുമ്പോൾ മനസ്സിലാകും. ഇപ്പോൾ മാത്ര മല്ല, മുൻകാലങ്ങളിലും അത് തന്നെയാ യിരുന്നു നില. ഒരു രംഗത്ത് മാത്രമല്ല പല രംഗങ്ങളിലും പ്രശസ്തി നേടിയവരായിരുന്നു അവർ. പാണ്ഡിത്യം, ആയോധനകല, നാവി കകല, മാന്ത്രിക വിദ്യ തുടങ്ങി ഒട്ടേറെ രംഗ ങ്ങളിൽ അസാധാരണമായ കഴിവുകൾ തെളി യിച്ചിട്ടുള്ളവരാണ് നമ്മുടെ പൂർവ്വികർ. സാമൂ തിരിമാരുടെ ചരിത്രം രേഖപ്പെടുത്തുമ്പോഴും പോർട്ട്ഗീസ്-ഡച്ച് ആധിപത്യത്തെക്കുറിച്ച് എഴുതുമ്പോഴും, ചേറ്റുവാ മണപ്പുറത്തി ന്റെ ചരിത്രരചനയിലും, പ്രാചീന കളരി കളെ കുറിച്ച് പഠിക്കുമ്പോഴും നമ്മുടെ പൂർവ്വികരെ സ്മരിക്കാതിരിക്കാൻ കഴി യില്ല. കേരളത്തിലെ അപൂർവ്വം തറവാടു കൾക്ക് മാത്രം ലഭിച്ചിട്ടുള്ള സൗഭാഗ്യമാ ണിത്. സാമൂതിരി കോവിലകത്തെ താളി യോലക്കെട്ടുകളിലും, പോർട്ടുഗീസ് – ഡച്ച് റിക്കാർഡുകളിലും, കോഴിക്കോട്, കൊച്ചി തിരുവനന്തപുരം പുരാവസ്തു ശേഖരങ്ങ ളിലും സൂക്ഷിച്ചിട്ടുള്ള പല രേഖകളും ഞാൻ ശേഖരിച്ചിട്ടുണ്ട്. മറ്റുള്ളവ സമ്പാദിക്കാനുള്ള ശ്രമം തുടരുന്നു.

വ്യക്തമായ രേഖകളുടെ വെളിച്ചത്തിൽ 'ചേരം മുതൽ ചേറ്റുവാ വരെ' എന്ന ചരിത്ര ഗ്രന്ഥം ഞാൻ തയ്യാറാക്കിക്കൊണ്ടിരിക്കു കയാണ്. റേഡിയോ പ്രഭാഷണങ്ങളിലും ദൂരദർശൻ പരിപാടികളിലും നമമുടെ പൂർ വ്വികരെക്കുറിച്ച് സ്മരിച്ചിട്ടുണ്ട്. ചേറ്റുവാ മണപ്പുറത്തിന്റെ

ചരിത്രമായ 'ചേരം മുതൽ ചേറ്റുവാവരെ' എന്ന ഗ്രന്ഥം പുറത്തു വരുന്നതോടെ നമ്മുടെ തറവാടിനും പൂർ വ്വികർക്കും കേരള ചരിത്രത്തിൽ ചിരപ്രതി ഷ്ഠ ലഭിക്കും. ബൃഹത്തായ ഈ ഗ്രന്ഥം കേരളത്തിലെ ഏറ്റവും വലിയ പ്രസാധകരാ യിരിക്കും പുറത്ത് കൊണ്ടു വരിക അത് വായിക്കുന്നതോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്യോന്യം അറിയാതെ ചിതറി ക്കിടക്കുന്ന പണിക്കശ്ശേരിക്കാരെല്ലാം അഭിമാനഭരിതരായി തങ്ങളുടെ മൂലസ്ഥാന മന്വേഷിച്ച് ഇവിടെ വരുന്ന സുദിനത്തി നായി കാത്തിരിക്കാം.

''അടിവേരുകൾ തേടി'' എന്ന പേരിൽ ഞാൻ ഈ ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള നമ്മുടെ പൂർവ്വചരിത്രം എല്ലാ കുടുംബാഗ ങ്ങളും ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ് അത് വെറും പഴംപുരാണമല്ല; ശാസ്ത്രീ യവും സത്യസന്ധവുമായ ഗവേഷണ പ്രബന്ധ മാണ്. നമ്മുടെ തറവാടിന്റെ മാത്രമല്ല, നാടി ന്റെയും സമുദായത്തിന്റെയും ചരിത്രം കൂടി അതിൽ നിന്ന് ലഭിക്കും.

ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ അമൂല്യ ഗ്രന്ഥത്തിന്റെ കോപ്പികൾ വാങ്ങിച്ച് തലമുറ കൾക്കായി സ്ഥിരമായി സൂക്ഷിക്കുകയും, കൂടുതൽ കോപ്പികൾ ബന്ധുക്കൾക്ക് സമ്മാ നിക്കുകയും വേണം.

വേലായുധൻ പണിയ്ക്കശ്ശേരി
പ്രസിഡന്റ്
ശാർക്കര പണിക്കശ്ശേരി കുടുംബട്രസ്റ്റ്